(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി യൂത്ത് ക്ലബ്ബുകൾക്ക് സഹായധനം വിതരണം ചെയ്യുന്നതിനുള്ള ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ തൊഴിൽരഹിതർക്കായി തൊഴിൽ മേളകൾ, ജില്ലകൾതോറും സംരംഭകത്വ പരിശീലന പരിപാടികൾ, പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് തുടങ്ങി യുവജനങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി വിവിധ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തിവരുന്നു.

(ഡി) യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ തൊഴിൽ വകുപ്പ്, ക്ഷീര വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തൊഴിൽ, വിവിധക്ഷേമ കോർപ്പറേഷനുകൾ തുടങ്ങിയവയുടെ പദ്ധതികൾ ക്രോഡീകരിക്കുകയും തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, അടിസ്ഥാന വികസനം എന്നീ വിഷയങ്ങളിൽ യുവജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം വിപുലമായ പ്രചരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ലോട്ടറിയുടെ തകർച്ച

15 (*345) പ്രൊ. ബി. സത്യൻ :

ഡോ. ടി. എം. തോമസ് ഐസക് :

പ്രൊ. ലാബു എം. വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന തരത്തിൽ വിവിധ മേഖലകളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജടിക്കറ്റുകൾ വിറ്റഴിക്കൽ, ടിക്കറ്റുകൾ ചൂതാട്ടങ്ങൾക്ക് ഉപയോഗപ്പെടുത്തൽ തുടങ്ങി ലോട്ടറിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പരിശോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന മൂന്നക്ക ഉപയോഗിച്ചുള്ള 'എസ്' ലോട്ടറി എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ പ്രത്യേക സമ്മാനത്തിനുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തിരം നമ്പർ നൽകുന്ന ലോട്ടറി എന്നിങ്ങനെ സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന നിയമവിരുദ്ധ ലോട്ടറികളെ സംബന്ധിച്ചുള്ള നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ വലിയ പങ്കുവഹിക്കുന്ന ഒന്നാണ് കേരള സംസ്ഥാന ഭാഗ്യക്കുറി. സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ ലോട്ടറി വ്യവസായത്തെ ഉപജീവനമാക്കി ജീവിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാരുടെ ജീവിതത്തെയും കാരുണ്യ പദ്ധതി പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കാനിടയാകും.

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വിറ്റഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനാർഹങ്ങളായ നമ്പർ ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ലോട്ടറി വിജയികളെ കബളിപ്പിക്കുന്നതായി പരാതികളും ടിക്കറ്റ് പൂരിപ്പിച്ചുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും മറ്റുമായി ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ സി.ഐ.ഡി. ലോട്ടറിയുമായിട്ടുള്ള സംസ്ഥാനത്തെ മോണിറ്ററിംഗ് സെല്ലിന് തുടർനടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുക്കാറുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

16 (*346) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (നീലേശ്വരം) :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly